**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 469** **17-09-2025 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ "ഒലവക്കോട് - ധോണി - മുട്ടികുളങ്ങര" റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ "ഒലവക്കോട് - ധോണി - മുട്ടികുളങ്ങര" റോഡ് നവീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 01/11/2016-ലെ G.O (Rt) No. 1502/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച മലമ്പുഴ മണ്ഡലത്തിലെ ഒലവക്കോട് ധോണി മുട്ടിക്കുളങ്ങര റോഡിന്. 09/11/2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 12.66 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. പിന്നീട് പ്രസ്തുത പ്രവൃത്തി FDR സാങ്കേതികവിദ്യ ഉപയോഗിച്ച് പുനരുദ്ധാരണം ചെയ്യുന്ന റോഡുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ FDR പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക (27.94 കോടി രൂപ) ധനാനുമതിയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ധനാനുമതിക്കായി നിർവ്വഹണ ഏജൻസിയായ KRFB കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും, ആയത് അവലോകനം നടത്തി KIIFB TRC-യുടെ സഹായത്തോടെ Plan & Profile Drawing വികസിപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുവാൻ കിഫ്ബി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഇപ്രകാരം തയ്യാറാക്കിയ കരട് അലൈൻമെന്റ് നിർവ്വഹണ ഏജൻസി പരിശോധിച്ച് നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി നാറ്റ്പാക് തയ്യാറാക്കിയ ഡിസൈൻ ഡ്രോയിംഗ്സ്, BoQ ഉൾപ്പെടെയുള്ള രേഖകൾ 04/01/2025-ന് കിഫ്ബി സാങ്കേതിക അവലോകന വിഭാഗത്തിൽ നിന്നും നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്.<br>ടി റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനായി എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും സമർപ്പിച്ച 28.91 കോടി രൂപയുടെ FDR എസ്റ്റിമേറ്റ് പ്രോജക്റ്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സൂക്ഷ്മപരിശോധന നടത്തി വരികയാണെന്നും, നിലവിലെ സൈറ്റ് കണ്ടീഷൻ അനുസരിച്ച് FDR സാങ്കേതിക വിദ്യയിൽ |

| | | | |
|---|---|---|---|
| | | | റോഡ് നവീകരണം നടത്തുന്നതിന്റെ ഫീസിബിലിറ്റി സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും, ഫീസിബിലിറ്റി റിപ്പോർട്ട് ഉൾപ്പെടുത്തി പ്രസ്തുത എസ്റ്റിമേറ്റ് സൂക്ഷ്മമായ പരിശോധന നടത്തി പുതുക്കിയ ധനാനുമതിക്കായുള്ള പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിക്കുന്നതാണ് എന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തിക്ക് പുതുക്കിയ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ടോ; ഇതിനായി കിഫ്ബി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് കിഫ്ബി പുതുക്കിയ ധനാനുമതി നൽകിയിട്ടില്ല. നിലവിൽ നിർവ്വഹണ ഏജൻസി സൂക്ഷ്മ പരിശോധന നടത്തി വരുന്ന FDR എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിയ്ക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ